# ഇലക്ട്രിക് വാഹനങ്ങൾക്ക് വായ്പയുമായി ഗ്രീവ്സ് ഫിനാൻസിന്റെ 'ഇവി ഫിൻ'

കൊച്ചി • ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ ഗ്രീവ്സ് ഫിനാൻസ് ഇലക്ട്രിക് വാഹനങ്ങൾക്കു മാത്രം വായ്പ ലഭ്യമാക്കുന്ന 'ഇവി ഫിൻ' വിഭാഗം അവതരിപ്പിച്ചു. ഇന്ത്യയിൽ ഇത്തരത്തിലെ ആദ്യ സംവിധാനമാണ് ഇവി ഫിൻ എന്നു ഗ്രീവ്സ് ഫിനാൻസ് സിഇഒ സന്ദീപ് ദിവാകരൻ പറഞ്ഞു.

വൈദ്യുത വാഹനങ്ങളാണു ഭാവിയെന്നു തിരിച്ചറിഞ്ഞാണു ഇവി വാങ്ങാൻ ആഗ്രഹിക്കുന്നവർക്കായി വായ്പ ലഭ്യമാക്കുന്നത്. വായ്പ നൽകുക മാത്രമല്ല, ബൈ ബാക്ക് സൗകര്യം കൂടി നൽകും. 4 വർഷത്തിനു ശേഷം ഉപയോക്താവിനു താൽപര്യമെങ്കിൽ ഗ്രീവ്സിനു തന്നെ വാഹനം വിൽക്കാം. അതുവഴി നിശ്ചിത തുക ഉറപ്പാക്കാം. നിലവിൽ ഏഥർ, ആംപിയർ ഇവി സ്കൂട്ടറുകൾക്കാണു വായ്പ നൽകുന്നത്. വൈകാതെ മറ്റ് ഇവി സ്കൂട്ടറുകളും ഉൾപ്പെടും. ഭാവിയിൽ ഇവി കാറുകൾക്കും വായ്പ ലഭ്യമാക്കാൻ ആലോചിക്കുന്നുണ്ട്. വെറും 3 മണിക്കൂറിൽ വായ്പ ലഭ്യമാക്കുന്ന ഡിജിറ്റൽ സൗകര്യമാണ് ഉപയോഗിക്കുന്നത്.

കേരളത്തിൽ കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, കൊച്ചി, ആലപ്പുഴ, കോട്ടയം, കൊല്ലം, തിരുവനന്തപുരം എന്നീ നഗരങ്ങളിൽ ഓണത്തിന് ഇവി ഫിൻ സേവനം ലഭ്യമാകും. ദക്ഷിണേന്ത്യയാണു വൈദ്യുത സ്കൂട്ടറുകളുടെ പ്രധാന വിപണിയെന്നും അദ്ദേഹം പറഞ്ഞു.